പതിനാലാം കേരള നിയമസഭ

15-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3100 — 18.06.2019-ൽ മറുപടിക്ക്

## ഭൂമിയുടെ തരം മാറ്റുന്നത് സംബന്ധിച്ച നിബന്ധനകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ<br>ഡോ.എൻ. ജയരാജ്<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമിയുടെ തരം മാറ്റുന്നത് സംബന്ധിച്ച നിബന്ധനകൾ വ്യക്ത മാക്കുമോ;<br><br>(ബി) കാലങ്ങളായി നികത്തപ്പെട്ടതും നികന്നു കിടക്കുന്നതും ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതും, നിലവിൽ കൃഷി ഇല്ലാത്തതുമായ ഭൂമിയുടെ തരം മാറ്റുന്നതിനുള്ള വ്യവസ്ഥകൾ വ്യക്തമാക്കുമോ? | (എ) & (ബി) വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ പരിവർത്തനം അനുവദിക്കാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥർ അതാത് പ്രദേശത്തെ ആർ.ഡി.ഒ മാരാണ്. സ്വഭാവ വ്യതിയാനം സംബന്ധിച്ച ഒരു അപേക്ഷ ഇപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ വരെ യാണെങ്കിൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടപ്രകാരമുള്ള ഫോറം 6-ലും, 20.23 ആർ-ൽ അധികമാണെങ്കിൽ ഫോറം 7-ലും ബന്ധപ്പെട്ട ആർ.ഡി.ഒ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതും പ്രസ്തുത അപേക്ഷയോടൊപ്പം 1000/- രൂപ അടവാക്കിയതിന്റെ തെളിവ് ഹാജരാക്കേണ്ടതുമാണ്. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ റിപ്പോർട്ട് വില്ലേജ് ഓഫീസുകളിൽ നിന്നും ലഭ്യമാക്കി സ്വഭാവ വ്യതിയാനം അനുവദിക്കാവുന്ന അപേക്ഷകളിൽ ടി ഭേദഗതി ചട്ടമനുസരിച്ച് നിശ്ചിത നിരക്കിലുള്ള തുക അടവാക്കിയതിന്റെ തെളിവ് ഹാജരാക്കുന്ന മുറയ്ക്ക് അപ്രകാരം അനുമതി നൽകപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം, സർവ്വെ നമ്പർ എന്നിവ വിശദമാക്കിക്കൊണ്ടുള്ള ഒരു ഉത്തരവ് ആർ.ഡി.ഒ പുറപ്പെടുവിക്കുന്നതും തുടർനടപടികൾക്കു ശേഷം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതുമാണ്. ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ മൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി, ടി ഭേദഗതി ചട്ട പ്രകാരമുള്ള ഫാറം 5-ൽ ബന്ധപ്പെട്ട ആർ.ഡി.ഒ മുമ്പാകെ അപേക്ഷ സമർപ്പിക്കാ വുന്നതാണ്. |
| (സി) സംസ്ഥാനത്ത് നിലം നികത്തുന്നത് ശിക്ഷാർഹമാണോ; എങ്കിൽ ആയതിനുള്ള ശിക്ഷാ നടപടികൾ വ്യക്തമാക്കുമോ; | (സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതു മുതൽ സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നതിന് പൂർണ്ണ നിരോധനമാണ് ഉള്ളത്. ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഉപയോഗിച്ചതോ ഉപയോഗിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതോ |

ആയ യന്ത്രങ്ങൾ വാഹനങ്ങൾ വാഹനസൗകര്യ-ങ്ങൾ, ഉപകരണങ്ങൾ, നെൽ വയലിലോ തണ്ണീർത്തടത്തിലോ നിന്നും നീക്കം ചെയ്യപ്പെട്ട കളിമണ്ണ്, മണ്ണ്, മണൽ ഇവ ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടെയിൽ തുടങ്ങിയവ കണ്ടു കെട്ടുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏതെങ്കിലും നെൽവയലോ/തണ്ണീർത്തടങ്ങളോ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിൻ മേൽ ആറ് മാസത്തിനുള്ളിൽ കുറയാൻ പാടില്ലാത്തതും എന്നാൽ 3 വർഷം വരെ ആകാവുന്നതുമായ തടവും അമ്പതിനായിരം രൂപയിൽ കുറയാൻ പാടില്ലാത്തും എന്നാൽ ഒരു ലക്ഷം രൂപ വരെ ആകാവുന്ന പിഴയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(ഡി) നികന്നു കിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമപ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത 4.04 ആർ ഭൂമിയിൽ 120 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ള വീട് നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ 2.02 ആർ ഭൂമിയിൽ 40 ച.മീ വിസ്തൃതിയുള്ള വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ 2008-ലെ കേരള നെൽവയൽ /തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്. ഈ പരിധിയ്ക്ക് മുകളിലുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി വീട് വയ്ക്കുന്നതിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ആർ.ഡി.ഒ-യ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ഇ) തരിശ് കിടക്കുന്ന ഭൂമിയിൽ ഉടമസ്ഥന്റെ അനുമതി കൂടാതെ കൃഷി ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

(ഇ) നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള നിർദ്ദേശം നിഷേധിക്കുന്ന അവസരത്തിൽ ആർ.ഡി.ഒ യ്ക്ക് വിഷയം റഫർ ചെയ്യേണ്ടതും കക്ഷികളെ നേരിൽ കേട്ടശേഷം ലേലം വഴിയോ മറ്റ് വിധത്തിലോ നെൽകൃഷിയ്ക്കായി പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/മറ്റ് ഏജൻസികൾക്ക് ഭൂമി ഏൽപ്പിച്ചു കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ